# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2133

26.03.2013- ലെ മറുപടിക്ക്

## നെൽകൃഷിക്കുള്ള വായ്പകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ :<br>ശ്രീ.അൻവർ സാദത്ത് :<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. എം.പി. വിൻസെന്റ് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്കുകൾ വഴി നൽകുന്ന നെൽകൃഷിക്കുള്ള കാർഷിക വായ്പകൾ പൂർണ്ണമായും പലിശ രഹിതമാക്കി യിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ നെൽകർഷകർ വായ്പ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പയുടെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കുന്നതിന് തീരുമാനിക്കുകയും വായ്പ കാലാവധിയ്ക്കുള്ളിൽ മുതൽ തുക അടയ്ക്കുന്ന കർഷകർക്ക് പലിശ രഹിത വായ്പ നൽകിവരും വരുന്നു. ഇപ്രകാരം വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നെൽകർഷകർക്ക് നൽകുന്ന വായ്പയുടെ 7 ശതമാനം നിരക്കിലുള്ള പലിശ ബാദ്ധ്യത സർക്കാർ വഹിക്കുന്നു. ടി പലിശ ബാദ്ധ്യത തുക റീം ഇമ്പേഴ്സ്മെന്റ് ചെയ്ത് ബാങ്കുകൾക്ക് നൽകുന്നു. |
| ബി) നടപ്പ് സാമ്പത്തിക വർഷം ബാങ്കുകൾക്ക് സംസ്ഥാന സർക്കാർ എത്ര രൂപ നൽകി യിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) നടപ്പ് സാമ്പത്തിക വർഷം 34.90 ലക്ഷം രൂപ ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. സഹകരണ ബാങ്കുകളിൽ നിന്നും ലഭിക്കുന്ന ക്ലയിം അനുസരിച്ച് ബാക്കി തുക നൽകുന്നതാണ്. |

| | |
|---|---|
| സി) കർഷകർക്കുള്ള പലിശ സബ്സിഡി യഥാസമയം നൽകുന്ന ബാങ്കുകൾക്ക് അർഹമായ വിഹിതം യഥാസമയം കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) കർഷകർക്കുള്ള പലിശ സബ്സിഡി യഥാസമയം നൽകുന്ന ബാങ്കുകൾക്ക് അർഹമായ വിഹിതം ക്ലയിം ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ